Talented Bankers Literary Panel
പുസ്തക പരിചയം 219

പുസ്തകം പരിചയപ്പെടുത്തുന്നത്,
അനിത വി കെ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
തിരുവനന്തപുരം.

മുദ്രിത,
ജിസ ജോസ്

ഒരു യാത്ര, അലസമായി അലഞ്ഞുതിരിഞ്ഞു, പതിവ് റൂട്ടുകളിൽ നിന്നും വ്യത്യസ്തമായി, നാടറിഞ്ഞു, കാടറിഞ്ഞു, മഴയും പുഴയും ആസ്വദിച്ചു, രാവിലെ ആറിന് തുടങ്ങി വൈകിട്ട് ആറിന് അവസാനിപ്പിക്കുന്ന യാത്ര..അതും സുഹൃത്തുക്കൾക്കൊപ്പം അങ്ങനൊരു യാത്ര പ്ലാൻ ചെയ്തിരുന്നതാ.. എന്തുചെയ്യാം.. ആ കൊറോണ അത് മുടക്കി. സ്വപ്നം കളഞ്ഞിട്ടില്ല.. കിട്ടുന്ന ആദ്യ അവസരത്തിൽ അത് ഫ്ലാഗോഫ് ചെയ്തിരിക്കും. ആ മൂഡോഫിലിരിക്കുമ്പോഴാ, അധികമായി അടച്ച പൈസക്ക് ബുക്ക് വാങ്ങാൻ ബുക്ക്സ്റ്റാളീന്നു വിളിക്കുന്നത്.. ഒരുമാതിരി താൽപ്പര്യം തോന്നിയ ബുക്സ് ഒക്കെ വാങ്ങി കഴിഞ്ഞിരുന്നു, ഇനി ഏതു വാങ്ങണം എന്ന കൺഫ്യൂഷനിലിരുന്നപ്പോഴാ,
ബുക്ക്സ്റ്റാളിലെ പെൺകുട്ടി സജസ്റ്റ് ചെയ്തത്.... പിന്നെ
" മുദ്രിത " എന്ന വിചിത്രമായ പേരും പത്തുപെണ്ണുങ്ങൾ നടത്തുന്ന പ്രലോഭനവും.

പത്തു സ്ത്രീകൾക്കായി ഒറീസ്സയിലേക്കൊരു ടൂർ, അതും പതിവ് സ്ഥലങ്ങൾ വിട്ടു തങ്ങൾ നിർദ്ദേശ്ശിക്കുന്ന സ്ഥലങ്ങളിലേക്ക്.. അതിനാണ് മുദ്രിത എന്ന സ്ത്രീ, എന്നോ പൂട്ടിപ്പോയ ഹിമാദ്രി ട്രാവൽസിന്റെ ഉടമയായ അനിരുദ്ധനെ സമീപിക്കുന്നത്. ജീവിത സാഹചര്യങ്ങൾ മൂലം "ഗ്രാൻഡ്മ്മാ " കോച്ചിംഗ് സെന്ററിൽ ക്ലാസ്സെടുക്കുന്ന അനിരുദ്ധൻ, തന്റെ സ്വപ്ന സംരഭത്തിന്റെ തിരിച്ചുവരവിന്, ഇതൊരു കാരണമായേക്കും എന്ന് കരുതി ഈ ടൂർ നടത്തിപ്പ് ഏറ്റെടുക്കുന്നു. വാട്സാപ്പിലൂടെയും ഇ മെയിലിലൂടെയും കർശന നിർദേശങ്ങളാണ് മുദ്രിത നൽകിയത്, ഒപ്പം ടൂറിനു വേണ്ട മുഴുവൻ പൈസയും അക്കൗണ്ടിലേക്കു ട്രാൻസ്ഫർ ചെയ്യുകയും.

യാത്രക്ക് മുദ്രിത മാത്രം എത്തിയില്ല. നേതാവില്ലാത്ത യാത്ര സ്ഥിരം വഴികളിലൂടെ ഓടി തിരിച്ചെത്തി. യാത്ര ചിലവ് കഴിഞ്ഞു ബാക്കി തുക കൊടുക്കാൻ, മുദ്രിതയെ contact ചെയ്യാൻ പറ്റാഞ്ഞ അനിരുദ്ധൻ, ID പ്രൂഫിലുണ്ടായിരുന്ന അഡ്രസ്സിൽ തിരക്കിയെങ്കിലും, മുദ്രിതയെ കണ്ടെത്താനായില്ല. അങ്ങനെയാണ്, ഒരിക്കലും കണ്ടിട്ടില്ലാത്ത ആളെ കാണാനില്ലെന്ന പരാതിയുമായി, അനിരുദ്ധൻ പോലീസ്

സ്റ്റേഷനിലെത്തുന്നത്.

പെണ്ണുങ്ങൾ എപ്പോഴും മറ്റുള്ളവർക്ക് കണ്ടെത്താനുള്ളവരാണ്. ഇരിക്കുന്നിടത്തു, ഇരിക്കേണ്ടിടത്തു എന്ന് മറ്റുള്ളവർ കരുതുന്നിടങ്ങളിൽ, അവരെ കണ്ടില്ലെങ്കിൽ, പരാതി പോലീസിലെത്തും.
ചെറുപ്പക്കാരിയെങ്കിൽ കണ്ടെത്താനെളുപ്പമെന്നു പോലീസ്. ഒരു കാമുകൻ, ഒരു മൊബൈൽ ഫോൺ, സൈബർ സെല്ലിൽ നിന്നുള്ള കാൾ ഡീറ്റെയിൽസ്, ടവർ ലൊക്കേഷൻ, അവളെ കിട്ടിക്കഴിഞ്ഞു! ഇതിപ്പോ മധ്യ വയസ്സ് കഴിഞ്ഞാൽ സ്ത്രീ... ഏതു പ്രായത്തിലും സ്ത്രീകൾക്ക് ആത്മഹത്യ ചെയ്യാമെന്ന് പോലീസ്.

ഒരു സാധാരണ മാൻ മിസ്സിംഗ് കേസ് ആയിട്ടേ സിവിൽ പോലീസ് ഓഫീസർ ആയ വനിതക്കു തോന്നിയുള്ളൂ. ID പ്രൂഫിലെ അഡ്രെസ്സിൽ ഒരിടിഞ്ഞു പൊളിഞ്ഞ വീട് മാത്രം.യാത്രയിൽ പങ്കെടുത്ത ഒൻപതു സ്ത്രീകൾക്കും അനിരുദ്ധനും ഫോണിലൂടെ മാത്രമാണ് മുദ്രിതയെ പരിചയം. യാത്രക്കുള്ള ക്ഷണവും വിശദീകരണവും വാട്സാപ്പ് വഴി, സ്ത്രീകളുടെ മാത്രം കൂട്ടായ്മയായ "ലെസ്ബോസ് "എന്ന ഗ്രൂപ്പ് വഴി,കമ്മ്യൂണിക്കേഷൻ മെയിലിലിലൂടെയും... മെയിൽ ഐഡി ഇൻവാലിഡ് ആയ്ക്കഴിഞ്ഞു, മൊബൈൽ ഫോൺ സ്വിച്ച് ഓഫും.
കോളേജ് അധ്യാപികയാകാൻ മോഹിച്ചു, റാങ്ക് ലിസ്റ്റിൽ പേരുള്ള, സിവിൽ പോലീസ് ഓഫീസർ വനിത, ഫയൽ അൺ ഡിക്ലൂകൂഡ് എന്ന് ക്ലോസ് ചെയ്യാതെ തന്റെ സെർവിസിലെ അവസാനത്തെ കേസ് ആയി മുദ്രിതയുടെ മിസ്സിംഗ് ഏറ്റെടുത്തു. അൺ ഒഫീഷ്യലായി.

സൈബീരിയയിൽ താമസമാക്കാൻ കൊതിച്ചു, ഏറ്റവും ചൂടുകൂടിയ രാജ്യങ്ങളിലൊന്നായ കുവൈറ്റിൽ സെറ്റിൽ ചെയ്യേണ്ടി വന്ന" സർവ്വ രഞ്ജിനി " യാത്ര ഇഷ്ട്ടപ്പെട്ടതു കൊണ്ട് സഞ്ചാര മാസികയിൽ ജോലി നേടി, സങ്കല്പ യാത്രകൾ മാത്രം നടത്തേണ്ടി വന്ന "സഞ്ചാരിണി ദീപ്ത " ജനനം മുപ്പതു മിനിറ്റ് വൈകിയതുകൊണ്ട് മാത്രം, തട്ടിക്കൂട്ടിയ പേരും വച്ചു എന്നും രണ്ടാം സ്ഥാനത്തു നിൽക്കേണ്ടി വന്ന "ഉമാ നാരായണി " ജരൽക്കാരുവിനെ പോലെ, സ്വന്തം പേരുള്ള ഒരാളെ വിവാഹം കഴിക്കുകയും ഒറ്റക്കാവുകയും ചെയ്ത, തുന്നൽക്കാരിയായ "ബേബി " ഭർത്താവ്, അക്കയോടൊപ്പം ഓടിപ്പോയപ്പോൾ, ഹോംനേഴ്സ് ആവുകയും, ജോലിക്ക് നിന്ന ഫിലോ എന്നാ സ്ത്രീ ക്കു പകരം യാത്രയിൽ പങ്കെടുക്കേണ്ടിയും വന്ന "വെണ്ണിലാ "
'എന്റെ വകയായ എന്റെ മുന്തിരിതോട്ടം എനിക്കുള്ളതാണെന്നു ' തീരുമാനിക്കേണ്ടി വന്ന, അയർലൻഡിൽ ജോലി ചെയ്യുന്ന "ഹന്ന "
നന്നേ അരക്ഷിതാവസ്ഥയിൽ ചിലവിട്ട ബാല്യത്തിന്റെയും അമ്മ പിടിച്ചു വാങ്ങിച്ചു തന്ന ജീവിതത്തിന്റെയും അർഥ ശൂന്യതയിൽ പരിതപിക്കുന്ന "ശാശ്വതി "
കർത്താവിന്റെ മണവാട്ടി യാണെങ്കിലും, കർത്താവിന്റെ ദാസരാൽ ബലാത്കാരം ചെയ്യപ്പെട്ട "മരിയ നളിനി "

പ്രിയപ്പെട്ട, സമർത്ഥയായ വിദ്യാർഥിനി ആയിരുന്ന റോഷ്‌നരയുടെ വിധിയിൽ, ഒപ്പം സ്വന്തം ജീവിതത്തിലും എന്തൊക്കെയോ മറന്നുപോയ "മധുമാലതി "
അസംതൃപ്തരും ദുഖിതരും ആയ ഒരുകൂട്ടം സ്ത്രീകളും വിചിത്രമായ ലക്ഷ്യങ്ങളുള്ള, ആരും കണ്ടിട്ടില്ലാത്ത ഒരു സ്ത്രീ പ്ലാൻ ചെയ്യുന്ന വിനോദയാത്രയും.

മുദ്രിതയില്ലാത്ത യാത്ര പൂർത്തിയാക്കി, തിരിച്ചെത്തിയിട്ടും,കാണാൻ മോഹിച്ച, കാണാതെ പോന്ന സ്ഥലങ്ങളും കണ്ടിട്ടില്ലാത്ത മുദ്രിതയും ഒരു നോവായി അവർക്ക് . ഓരോനിമിഷവും നമ്മളും അവരോടൊപ്പം ചേരുന്നു, അവരുടെ മനോവ്യാപാരത്തിൽ പങ്കു ചേരുന്നു. എന്തു കൊണ്ട് ഒറീസ്സ, എന്തു കൊണ്ടീ യാത്ര എന്ന ചോദ്യത്തിനുത്തരം ഓരോരുത്തരും കണ്ടെത്തി. അടുത്ത യാത്രയും ഉടനെ ഉണ്ടാവുമെന്നും അതും ഒറീസ്സയിലേക്കാവുമെന്നും മറഞ്ഞ സരസ്വതി നദിയെ തേടി, ചിത്രോൽപ്പലയുടെ കരയിലൂടെ, യോഗിനീ ക്ഷേത്രങ്ങളിലേക്ക്, അഗ്നി പൂർണ്ണിമ നടക്കുന്ന ഗ്രാമങ്ങളിലേക്ക് തന്നെ ആയിരിക്കുമെന്നും , നമ്മളും പ്രതീക്ഷിക്കുന്നു. ഓരോ അനുഭവങ്ങളും സ്ത്രീകളുടേതാണ്, സ്ത്രീകളുടേത് മാത്രം.

പലസമയങ്ങളിൽ ഈ കഥകൾ വായിക്കുമ്പോൾ, എല്ലാവരും എവിടെനിന്നു വന്നുവെന്നും എങ്ങോട്ട് പോയെന്നും അറിയാത്ത വെളിച്ചത്തെക്കുറിച്ചോർക്കും, അപ്പോൾ തീർച്ചയായും അവരുടെ കണ്ണുകളും നനയും.

തലശ്ശേരി, ഗവർമെന്റ് ബ്രണ്ണൻ കോളേജ് പ്രൊഫസർ ആയ ജിസ ജോസിന്റെ ആദ്യ നോവൽ. സോഫോയുടെ കവിത പോലെ തീഷ്ണവും മനോഹരവും..

മാതൃഭൂമി പ്രസിദ്ധീകരണം
വില : 340 രൂപ